**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 5937** **28.10. 2011-ൽ മറുപടിക്ക്.**

## ആലപ്പുഴ ജില്ലയിൽ ജനമൈത്രി പോലീസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ജനമൈത്രി പോലീസ് പദ്ധതി ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | : (എ) ആലപ്പുഴ ജില്ലയിൽ ചേർത്തല, ആലപ്പുഴ ൗൺ നോർത്ത്, പുളിങ്കുന്ന്, കായംകുളം, ഹരിപ്പാട്, കുത്തിയതോട്, മാവേലിക്കര, പുന്നപ്ര, മാരാരിക്കുളം, ചെങ്ങന്നൂർ എന്നീ പത്ത് പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് : |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് ജില്ലയിൽ കുറ്റകൃത്യങ്ങൾക്ക് കുറവുവന്നിട്ടുണ്ടോ ; വിശദമാക്കുമോ ; | : (ബി) ഉണ്ട് ; പദ്ധതി നടപ്പിലാക്കിയ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ കുറ്റകൃത്യങ്ങളിൽ കുറവ് വന്നിട്ടുണ്ട്. |
| (സി) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചും അതിന്റെ നേട്ടത്തെക്കുറിച്ചും അപര്യാപ്തതകളെ ക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | : (സി) ഉണ്ട് ; കമ്മ്യൂണിറ്റി പോലീസിംഗ് സംബന്ധിച്ച അന്താരാഷ്ട്ര സെമിനാറിൽ കേരളത്തിലെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്. കൂടാതെ കളമശ്ശേരി രാജഗിരി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇത് സംബന്ധിച്ച് ഇംപാക്ട് സ്റ്റഡി നടത്തിയിട്ടുണ്ട്. |

(................2)

(ഡി) പ്രസ്തുത പദ്ധതി ഇപ്പോൾ നിർജ്ജീവാവസ്ഥയിലാകാൻ കാരണമെന്ത് ;

: (ഡി) പദ്ധതി നിർജ്ജീവാവസ്ഥയിലല്ല.

(ഇ) ആലപ്പുഴ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുമോ ; പദ്ധതി നടപ്പിലാക്കുന്നതിനുള്ള പോലീസ് സ്റ്റേഷനുകളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ ?

: (ഇ) ആലപ്പുഴ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. ഒരു അസംബ്ലി നിയോജകമണ്ഡലത്തിൽ ഒരെണ്ണമെങ്കിലും എന്ന മാനദണ്ഡം അടിസ്ഥാനമാക്കിയാണ് നിലവിൽ 148 പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ